## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5477 18.11.2019- ൽ മറുപടിയ്ക്ക്

## മൃതദേഹം നാട്ടിലെത്തിക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | വിദേശത്ത് വെച്ച് മരണപ്പെടുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) | ഉദ്യോഗ ദാതാവ്, സ്പോൺസർമാർ, എംബസ്സി തുടങ്ങിയവ വഴി നിലവിലെ സഹായ സംവിധാനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ, ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനായാണ് നോർക്ക എമർജൻസി റിപാട്രിയേഷൻ ഫണ്ടിന്റെ ഉപപദ്ധതിയായി നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. |
| ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് അറിയിക്കാമോ; | ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് സാമ്പത്തിക സഹായം ലഭ്യമല്ല. |
| സി) | ഈ പദ്ധതി നിലവിൽ വന്നതിന് ശേഷം എത്ര പേർ സഹായം ആവശ്യപ്പെട്ടു; എത്രപേർക്ക് സഹായം നൽകി, ഓരോരുത്തർക്കും മൃതദേഹം നാട്ടിലെത്തിക്കാൻ ചെലവായ തുക, അതിന് സർക്കാർ നൽകിയ സാമ്പത്തിക സഹായം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ; | സി) | ഈ പദ്ധതി നിലവിൽ വന്നതിനുശേഷം 3 സഹായാഭ്യർത്ഥനകൾ ലഭിച്ചു. ഇതു പ്രകാരം 3 പേരുടെ ഭൗതിക ശരീരം നാട്ടിലെത്തിച്ചു. ഇതിനു ചെലവായ തുകയുടെ വാശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1)മിർസാ അഷ്റഫ് - 8,28,285/-രൂപ<br>2)വേലായുധൻ - 31, 585/- രൂപ<br>3)സാജൻ ആർ.എൽ - 2,54,294 രൂപ |

സെക്ഷൻ ഓഫീസർ